റാവു സാഹിബ്ബ് മിസ്റ്റർ സി. മത്തായി.—ഒന്നിനും കൊടുത്തിട്ടില്ല.

മിസ്റ്റർ ഐ. ഇ. അമ്പൂക്കൻ.—പുതിയ ക്ലാസ്സു തുറന്നിട്ടുള്ളതും മറ്റും കൂടി ഉദ്ദേശം എത്ര സ്കൂളുകൾ കാണും?

റാവു സാഹിബ്ബ് മിസ്റ്റർ സി. മത്തായി.—നൂറോളം കാണും.

മിസ്റ്റർ ഐ. ഇ. അമ്പൂക്കൻ.—ഈ നൂറു സ്കൂളുകൾക്കു ഗ്രാൻറിനുള്ള വക ബഡ്ജറ്റിൽ മതിയായതില്ലെന്നു പറയുന്നു. അതു അന്നാലോചിച്ചില്ലെ?

റാവു സാഹിബ്ബ് മിസ്റ്റർ. സി. മത്തായി.—അപേക്ഷിക്കുന്ന സ്കൂളിനൊക്കെ കൊടുക്കുവാൻ സാധിക്കയില്ല.

മിസ്റ്റർ ഐ. ഇ. അമ്പൂക്കൻ.—അനുവാദം ഗ്രാന്റോടുകൂടിയതല്ല?

റാവു സാഹിബ്ബ് മിസ്റ്റർ സി. മത്തായി.—അംഗീകരണവും ഗ്രാന്റും രണ്ടും രണ്ടുകായ്മാണ്. അംഗീകരണം ഡിപ്പാർട്ടുമെണ്ടിൽ നിന്നാണ്. ഗ്രാന്റ് ഗവർമ്മെണ്ടിൽ നിന്നാണ്. എല്ലാകായ്ങ്ങളും ആലോചിച്ചാണ അതു തീർച്ചയാക്കുന്നത്.

## Nomination qualifications to Village Panchayats.

**77.** മിസ്റ്റർ ഐ. ഇ. അമ്പൂക്കൻ.—(എ) ഒരു പഞ്ചായത്തിന്റെ അംഗമാകുവാൻ ഉള്ള നികുതിയോഗ്യത വേണമെന്നുള്ള വ്യവസ്ഥ ഇപ്പോഴും നിലവിലുണ്ടൊ;

(ബി) വല്ല കാരണവശാലും ഏതെങ്കിലും പഞ്ചായത്തിലെ അംഗത്തെയൊ അംഗങ്ങളെയൊ ടി വ്യവസ്ഥയിൽ നിന്നും ഒഴിവാക്കാവുന്നുണ്ടൊ;

(സി) അപ്രകാരം ഒഴിവാക്കുന്നതിനുള്ള അധികാരം ഏതു ഉദ്യോഗസ്ഥനിൽ ആണ സ്ഥിതി ചെയ്യുന്നത എന്ന ദയവായി പറയാമൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—(എ) തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക നികുതിയോഗ്യത വേണം. ഗവർമ്മെണ്ടിൽ നിന്നും നിയമിക്കപ്പെടുന്ന മെമ്പന്മാർക്ക ഈ വ്യവസ്ഥ ഇപ്പോൾ ബാധകമല്ല.

(ബി) ഇല്ല.

(സി) മുൻ ചോദ്യത്തിന്റെ മറുപടി അനുസരിച്ച ഈ ചോദ്യത്തിനു അവകാശമില്ല.

മിസ്റ്റർ ഐ. ഇ. അമ്പൂക്കൻ നികുതിയോഗ്യത വേണ്ടെന്നുള്ളതു നടപ്പുകൊണ്ടൊ വല്ല നിയമവുമുണ്ടൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—അതിനെക്കുറിച്ച ഗവർമ്മെണ്ടിൽ നിന്നു പരസ്യം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

മിസ്റ്റർ ഐ. ഇ. അമ്പൂക്കൻ.—അതിന്റെ തിയ്യതി?

മിസ്റ്റർ ഐ. രാമൻ മേനോൻ.—പറയാൻ സാദ്ധ്യമല്ല

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഐ. ഇ. അമ്പൂക്കൻ.—അതിനെപ്പറ്റിയുള്ള നിയമങ്ങൾ മാറുന്നതിനു മുമ്പു് ഈ ഒരു കാര്യത്തിനു മാത്രം ഒരു നിയമം ഉണ്ടാക്കിയതാണൊ ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—ഇതിനെപ്പറ്റി കൌൺസിലിൽ ഒരു റസല്യൂഷൻ ഉണ്ടായി. അതു സ്വീകരിക്കയാണു് ചെയ്തതു്.

## Classification of in-patients.

**78. Mr. C. A. Kunjunni Raja.**—Will the Government be pleased to state whether the in-patients in the hospitals of the State are classified as 'Hindu', 'Christian', 'Muhammadan', other classes, &c., &c. If so, what is the total number of in-patients in each of the hospitals of the State for each of the last four years 1101 to 1104 and how many each year belonged to each of the above classifications ?

**Diwan Bahadur Dr. V. Verghese.**—No. A statement showing the total number of in-patients in each hospital for 1101 to 1104 is appended. (*Vide Appendix II.*)

**Mr. C. A. Kunjunni Raja.**—Is not such classification made in the clinical chart ?

**Diwan Bahadur Dr. V. Verghese.**—I should like to hear that phrase once more.

**Mr. C. A. Kunjunni Raja.**—Clinical chart regarding in-patients.

**Diwan Bahadur Dr. V. Verghese.**—There is no classification in the clinical chart. It is not exactly the name of the profession. It is the classification of cases. It is made in the admission register of every institution. But what I said in the answer as 'no' means not in the manner mentioned in the interpellation. The classification that is in vogue, I may inform the House, is Europeans, Eurasians, Mohamedans, Hindus, other classes. There is no classification like Christians or any other sub-sections.

## Revision of the Cochin State Manual.

**79. Mr. C. A. Kunjunni Raja.**—Will the Government be pleased to state if steps have been taken to revise the Cochin State Manual as promised during the last Budget Session ; if so, what is the action taken in the matter ?

**Rama Varmha Tampuran.**—No steps have been taken in this direction yet as the Government thought that it was not very urgent.

## Police Commissioner's tour to Madras.

**80. Mr. T. A. Ramachandra Ayyar.**—Will the Government be pleased to state the object of the recent tour of the

LIBRARY ARCHIVES Kerala Legislative Assembly